# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 788 — **07.02.2013**-ൽ മറുപടിക്ക്

## സൊസൈറ്റി ഫോർ ദി പൂവർ പദ്ധതി

### ചോദ്യം

ശ്രീ. ഇ.ചന്ദ്രശേഖരൻ

എ) പാവപ്പെട്ടവർക്ക് ചികിത്സാ സഹായം നൽകുന്ന സൊസൈറ്റി ഫോർ ദി പൂവർ പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്ക് എത്ര രൂപ വീതമാണ് ചികിത്സാ സഹായം അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

### മറുപടി

ശ്രീ.വി.എസ്.ശിവകുമാർ

( ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി )

എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയനുസരിച്ച് ധനസഹായം നൽകുന്ന രോഗ ചികിത്സകളും പരമാവധി ധനസഹായവും താഴെ വിവരിക്കുന്നു.

1. മസ്തിഷ്ക ശസ്ത്രക്രിയ - 20,000/- രൂപ
2. ഹൃദയ ശസ്ത്രക്രിയ - 20,000/- രൂപ
3. കിഡ്നി മാറ്റിവെയ്ക്കൽ - 20,000/- രൂപ
4. ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി , റേഡിയേഷൻ) - 20,000/- രൂപ
5. കരൾ മാറ്റിവെയ്ക്കൽ - 20,000/- രൂപ
6. പേസ് മേക്കർ ഇംപ്ലാന്റേഷൻ - 10,000/- രൂപ
7. ആഞ്ജിയോപ്ലാസ്റ്റി - 10,000/- രൂപ
8. അസ്ഥിരോഗ ശസ്ത്രക്രിയകൾ (ട്യൂമർ റിസക്ഷൻ & പ്രോതെസിസ് ലംബാർ തൊറാസിക്, വെർട്ടിബ്രൽ ബോഡിട്യൂമർ റിമൂവൽ - 10,000/- രൂപ

9. ഡയാലിസിസ് - 10,000/- രൂപ

10. ട്യൂമർ റിമൂവൽ - 10,000/- രൂപ

ബി) ഈ പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിട്ടുള്ളതെന്ന് അറിയിയ്ക്കാമോ;

ബി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു

1. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം
2. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
3. മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി
4. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
6. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
7. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
8. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
9. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി
10. ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പി, പെരുന്തൽമണ്ണ

11. സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ
12. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം
13. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
14. ജനറൽ ആശുപത്രി, എറണാകുളം
15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം

| | |
|---|---|
| സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര എണ്ണത്തിന് സഹായം അനുവദിച്ചുവെന്നും എത്ര എണ്ണം ബാക്കിയുണ്ടെന്നും അറിയിയ്ക്കാമോ; | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 4752 അപേക്ഷകൾ ലഭിച്ചു. 18.05.2011 മുതൽ 29.01.2013 വരെ 2439 അപേക്ഷകൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2313 അപേക്ഷകൾ ബാക്കിയുണ്ട്. |
| ഡി) ചികിത്സാ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) നിലവിലുള്ള ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടത് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ ഗവേണിംഗ് ബോഡി യോഗമാണ്. |

സെക്ഷൻ ഓഫീസർ